# PROCEEDINGS

of

# THE TRAVANCORE LEGISLATIVE ASSEMBLY

## FIRST ASSEMBLY

*THIRD SESSION—1949/1124*

## SECOND MEETING.

VOL. III—NO. 10.

The Travancore Legislative Assembly met again in the Legislative Chamber, Public Offices, Trivandrum, at 11 of the clock on Thursday the 17th February, 1949/6th Kumbhom 1124, the President (Hon'ble Mr. R. V. Thomas) in the Chair.

## QUESTINOS AND ANSWERS.

MR. S. KUTTAN (*Neyyattinkara I—General*) : ചോദ്യോത്തരങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് ഒരു സംഗതി പ്രസിഡൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. പല മെമ്പറന്മാർ അയച്ചിട്ടുള്ള പല ചോദ്യങ്ങൾക്കും ഇതുവരെ ഉത്തരം കിട്ടിയിട്ടില്ല. ഞാനും ഇരുപതോളം ചോദ്യങ്ങൾ അയച്ചിട്ടുണ്ട്. ആൻസർ ചെയ്യുന്നതിന് ഒരു കൊച്ചുചോദ്യം പോലും നാളതുവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

MR. P. M. VARGHESE (*Thodupuzha II—General*) : സ്റ്റാർ ഇട്ട ചോദ്യങ്ങൾ തന്നെ ആദ്യം ഒരു മുറയ്ക്കു കൊടുത്തിട്ടുണ്ട്. പിന്നെയും വേറൊരുമുറയ്ക്ക് ചോദ്യങ്ങൾ പോകുന്നു. അതിലും ഈ ചോദ്യങ്ങൾ തന്നെ വരുന്നു. അതിന്റെ കാരണമെന്താണ്?

MR. PRESIDENT എനിക്ക് കാര്യം മനസ്സിലായില്ല.

MR. P. M. VARGHESE : അതായത് സ്റ്റാർ ഇട്ട ചോദ്യങ്ങൾ ഒരു ഗ്രൂപ്പായി കരേ ഉണ്ട്. പിന്നെ അദർ കമ്സ്റ്റ്യൻസ് എന്നു കിടക്കുന്നു. അതിലും, ആദ്യത്തെ ചോദ്യങ്ങളിൽ തന്നെ ചിലതു കാണുന്നു. അതിന്റെ കാരണമെന്താണെന്നാണ് ചോദ്യം.



LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT അനേഷിച്ചു മറുപടി പറയാം.

MR. T. A. MAIDHEENKUNJU (*Karunagappalli II—Muslim*) : സർ, മൂന്നാംതീയതി സമാധാനം പറയേണ്ടതാണെന്നു പറഞ്ഞു കുറേ ചോദ്യങ്ങൾ അയച്ചതു് ഇതുവരെ പ്രിണ്ടിംഗിൽ മാത്രമെ വന്നിട്ടുള്ളൂ. അതു് അടുത്തായിൽ വരണമെങ്കിൽ രണ്ടുമൂന്നു സെഷൻ കഴിയണം. അതിന്റെ കാരണമെന്തെന്നറിഞ്ഞാൽകൊള്ളാം. മാത്രമല്ല, കാൺഗ്രസ് പാർട്ടി അംഗങ്ങൾ അയയ്ക്കുന്ന ഏതാനും ചില ചോദ്യങ്ങൾക്കു മാത്രം മറുപടി പറഞ്ഞു പറഞ്ഞു ഈ സഭയുടെ സമയം കളയുന്നതു് നന്നല്ല. അതിനാൽ അതാതു തീയതികളിൽ മറുപടി പറയണമെന്നു കാണിച്ചു് അയയ്ക്കുന്ന ചോദ്യങ്ങൾക്കെല്ലാം അതാതു തീയതികളിൽ തന്നെ മറുപടി പറയണമെന്നുള്ളതിനെ സംബന്ധിച്ചു് ഒരു റൂളിംഗ് വേണ്ടതാണു്.

MR. PRESIDENT : ഞാൻ നേരത്തെ തന്നെ പറഞ്ഞു, മെമ്പറന്മാർ അയയ്ക്കുന്ന എല്ലാചോദ്യങ്ങൾക്കും മറുപടിപറയുവാൻ സാദ്ധ്യമല്ലെന്നു്. ഒരേ ദിവസം മറുപടി പറയാൻ തക്കവണ്ണം, ഓരോ മെമ്പറും അഞ്ചു ചോദ്യങ്ങൾ വീതം അയച്ചാൽ പത്തറുനൂറുചോദ്യങ്ങൾക്കു ഒരു ദിവസം മറുപടി പറയേണ്ടതായി വരും. അതു നിയമസഭയിൽ സാധിക്കുകയില്ല.

MR. P. T. CHACKO (*Kottayam II—General*) ഇന്ന ചോദ്യത്തിനു മറുപടി പറയണമെന്നു പ്രസിഡൻറിനു നിർബ്ബന്ധിക്കാമോ ?

MR. PRESIDENT പ്രസിഡൻറിനു അതു അധികാരമില്ല.

MR. PAUL THALIYATU (*Parur II—General*) മെമ്പറന്മാർ ചോദ്യം അയയ്ക്കുമ്പോൾ ഇന്ന തീയതി ഉത്തരം പറയണമെന്നുകൂടി അതിൽ കാണിച്ചിരിക്കണമെന്നു വ്യവസ്ഥയുണ്ടു്. അല്ലെങ്കിൽ അതു് സ്വീകരിക്കയില്ലെന്നും ഉണ്ടു്. എന്നാൽ ലിസ്റ്റിൽ അങ്ങിനെ തീയതി വയ്ക്കാതെ അയയ്ക്കുന്ന ചോദ്യങ്ങൾ ധാരാളം ഉൾപ്പെടുത്തിയിട്ടുണ്ടു്.

MR. PRESIDENT : അതു് ഓവർസൈറുകൊണ്ടു വന്നതായിരിക്കാം.

MR. V. K. VASUDEVAN ASARI (*Kottayam III—Kammala*) സർ, ഒരു പായിൻറാഫ് ആർഡർ. ഇവിടെ ഉത്തരവാദമേറണമാണു് ഇപ്പോഴുള്ളതു്. നിയോജകമണ്ഡലങ്ങളോടു് ഓരോ മെമ്പറന്മാർക്കും ഉത്തര

LIBRARY ARCHIVES Kerala Legislative Assembly

വാദിച്ചവുമുള്ളതാണ്. എന്നാൽ ആ നിയോജകമണ്ഡലങ്ങളുടെ ആവശ്യങ്ങളെ പരാമർശിച്ചാണ് ചോദ്യങ്ങൾ അയയ്ക്കുന്നത്. അതുകൊണ്ട് ഓരോ മെമ്പറിന്റെയും ഓരോ ചോദ്യത്തിനെങ്കിലും ഉത്തരം പറയാൻ തക്ക ഏർപ്പാട് ചെയ്യേണ്ടതാണ്.

MR. PRESIDENT അതു് ഒരു പായിൻറാഫ് ആർഡറല്ല.

## ആലപ്പുഴ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി.

*285. MR. K. RAMAKRISHNA PILLAI (*Ambalapuzha I - General*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ആലപ്പുഴ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി ജില്ലാക്കോടതി വളപ്പിലേക്കു മാറ്റിക്കിട്ടണമെന്നു കാണിച്ച് ആലപ്പുഴ ബാർ അസോസിയേഷനിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ?

(ബി) ഇതു സംബന്ധിച്ച് ആദ്യനിവേദനം എന്നാണ് ലഭിച്ചതു് ?

HON'BLE MR. A. J. JOHN : (എ) ഉണ്ട്.

(ബി) ഫയൽ മിനത്തിലാണ്.

MR. KANNARA GOPALA PANICKER (*Thiruvella II—General*) : ഇതേ സംബന്ധിച്ചു നടപടി വല്ലതും എടുത്തിട്ടുണ്ടോ ?

HON'BLE MR. A. J. JOHN : ഉണ്ട്. ആ നിവേദനം ഹൈക്കോടതിക്കയച്ച് അവരുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്.

MR. KANNARA GOPALA PANICKER : ഈ സംഗതിയിൽ കക്ഷികളുടെയും വക്കീലന്മാരുടേയും അഭിപ്രായമാണോ അറിയേണ്ടതു് അതോ ഹൈക്കോടതിയുടെ അഭിപ്രായമാണോ അറിയേണ്ടതു് ?

HON'BLE MR. A. J. JOHN : അതേ സംബന്ധിച്ച അഭിപ്രായം പറയാൻ ഹൈക്കോടതിക്കാണവകാശം.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*) : എന്തു കാരണത്താലാണ് ഈ സംഗതിയിൽ താമസം നേരിട്ടതു് ?

LIBRARY ARCHIVES Kerala Legislative Assembly